(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ, ബി) ഇല്ല. എന്നാൽ കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനത്തിനു വേണ്ടി ഐ. ഡി. ബി. ഐ. 1985–86 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടി രൂപയിൽ നിന്നു 2,98,30,498.45 രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുഖാന്തിരം വായ്പയായി 6/86–ൽ കിട്ടിയിട്ടുണ്ട്.

மதுவில் கலப்படம்

(Adulteration in Liquor)

*199 (231) ஸ்ரீ. ஜி. வரதன்: கீழ் காணும் வினாக்களுக்கு தொழிலாளர் நல மந்திரி தயைகூர்ந்து விடை நல்குவாரா:

(எ) மதுவில் கலப்படம் மூலம், இந்த அரசு பதவிக்கு வந்தபின், இறந்தவர்கள் எண்ணிக்கை எவ்வளவு;

(பி) இக்கலப்படத்திற்கு காரணமானவர் மேல் அரசு என்னென்ன நடவடிக்கை எடுத்துள்ளது?

Minister for Labour (**Shri. K. Sivadasan:**)

(a) 71 Persons.

(b) Criminal case has been filed against the persons responsible for adulteration.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കർഷക തൊഴിലാളികൾ

573 [716] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കർഷകത്തൊഴിലാളികളാണ് ഉള്ളതെന്ന് കണക്കെടുത്തിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31–5–1986–വരെ കർഷക തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ വേണ്ടി എത്ര തുക ചെലവായി?

ഉത്തരം

(എ) ഉണ്ട്. ഏകദേശം 20,00,000 കർഷക തൊഴിലാളികളാണ് ഉള്ളത്.

(ബി) 46,17,01,173 രൂപ.

കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക

574 [717] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം കർഷക തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ കുടിശ്ശിക കാലതാമസം കൂടാതെ നൽകാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly